☞ അധ്യാപക - വിദ്യാർത്ഥി അനുപാതം കുറയ്ക്കുമെന്ന വാഗ്ദാന ലംഘിച്ചതിനെതിരെ

☞ സർക്കാർ - എയ്ഡഡ് സ്കൂൾ അധ്യാപകരെ തസ്തിക നഷ്ടപ്പെടുത്തി വഴിയാധാരമാക്കിയതിനെതിരെ

☞ അധ്യാപകരുടെ തൊഴിൽ സുരക്ഷ അപകടപ്പെടുത്തിയതിനെതിരെ

## 2013 ഡിസംബർ 12

# വഞ്ചനാദിനം

## 2013 ഡിസംബർ 13

# ഡി.പി.ഐ - ഡി.ഡി.ഇ ഓഫീസ് മാർച്ച്

സുഹൃത്തേ,

മൂന്നുവർഷത്തിനുശേഷം യു.ഐ.ഡി അടിസ്ഥാനമാക്കി കേരളത്തിലെ വിദ്യാലയങ്ങളിൽ തസ്തിക നിർണയത്തിന് സർക്കാർ ഉത്തരവിറക്കി. അധ്യാപക പാക്കേജിന്റെയും വിദ്യാഭ്യാസ അവകാശ നിയമത്തിന്റെയും അടിസ്ഥാനത്തിലാണ് ഉത്തരവ് പുറപ്പെടുവിക്കുന്നതെന്ന് ചൂണ്ടിക്കാണിക്കുന്നുണ്ടെങ്കിലും സർക്കാർ അധ്യാപകരെ വഞ്ചിച്ചിരിക്കുന്നു.

വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിന് ഗുണകരമായ വിധത്തിൽ ഒന്നുമുതൽ പത്തുവരെ ക്ലാസുകളിൽ അനുപാതം 1:30 ആയി കുറയ്ക്കാനുള്ള സാഹചര്യമാണ് സർക്കാർ നഷ്ടപ്പെടുത്തിയത്. കഴിഞ്ഞ എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ ഇക്കാര്യം പരിശോധിക്കാൻ നിയോഗിച്ചിരുന്നു. അധ്യാപക-വിദ്യാർത്ഥി അനുപാതം കുറയ്ക്കുമെന്ന യു.ഡി.എഫ് സർക്കാരിന്റെ പ്രഖ്യാപനം കണക്കിലെടുത്ത് സ്വകാര്യ മാനേജ്മെന്റുകൾ നിരവധി അധ്യാപകരെ വൻകോഴ വാങ്ങി നിയമനം നടത്തിയിട്ടുണ്ട്.

അധ്യാപക-വിദ്യാർത്ഥി അനുപാതം 1:45 അടിസ്ഥാനമാക്കി തസ്തിക നിർണയിക്കാനാണ് സർക്കാർ ഉത്തരവ്. അധികമുള്ള തസ്തികകളിൽ ഒന്നിൽമാത്രം തസ്തിക നഷ്ടപ്പെടുന്നവരെ എയ്ഡഡ് സ്കൂളുകളിൽ നിയമിച്ച് ബാക്കിയുള്ള മുഴുവൻ തസ്തികകളിലും മാനേജർമാർക്ക് നിയമിക്കാം. തസ്തിക നഷ്ടപ്പെടുന്നവരെ എൽ.പി യിൽ 1:30 ഉം യു.പി യിൽ 1:35 ആയും കണക്കാക്കി നിലനിർത്താൻ ശ്രമിക്കും. അതിലും പെടാത്തവരെ അധ്യാപക ബാങ്കിൽ പട്ടികപ്പെടുത്തും. കുട്ടികൾ കൂടുതലുള്ള സ്കൂളുകളിൽ ഹെഡ്മാസ്റ്റർമാർക്കു പകരം അധ്യാപകരെ ജോലിയിൽ നിയമിക്കുമെന്നാണ് മുഖ്യമന്ത്രി പ്രഖ്യാപിച്ചത്. ആയിരക്കണക്കിന് അധ്യാപകർ തസ്തിക നഷ്ടപ്പെട്ട് പുറത്തുപോകും. ഇത് കടുത്ത വഞ്ചനയാണ്. അധ്യാപകരെ അപമാനിക്കലാണ്.

തസ്തിക നഷ്ടപ്പെടുന്ന സർക്കാർ സ്കൂൾ അധ്യാപകരെയും അധ്യാപക ബാങ്കിലേക്ക് മാറ്റുമെന്ന തീരുമാനവും പ്രതിഷേധാർഹമാണ്. സർക്കാർ സ്കൂളുകളിൽ എയ്ഡഡ് സ്കൂളുകളെപ്പോലെ തസ്തിക നഷ്ടപ്പെടുന്നവരെ അനുപാതം കുറച്ച് നിലനിർത്തില്ല. ഇത് കടുത്ത അനീതിയാണ്. ആയിരക്കണക്കിന് സർക്കാർ സ്കൂൾ അധ്യാപകർ ജോലി നഷ്ടപ്പെട്ട് വഴിയാധാരമാകും. പി.എസ്.സി വഴി നിയമനം നടത്താനുള്ള സാധ്യതയാണ് സർക്കാർ കൊട്ടിയടക്കുന്നത്.

അധ്യാപക - വിദ്യാർത്ഥി അനുപാതം കുറയ്ക്കുന്നത് അക്കാദമിക് മികവ് വർദ്ധിപ്പിക്കുമെന്ന വസ്തുത സർക്കാർ കണക്കിലെടുത്തില്ല. കൂടുതൽ കുട്ടികളുള്ള വിദ്യാലയങ്ങളിൽ കൂടുതൽ അധ്യാപകരെ നിയമിക്കാനുള്ള അവസരം നഷ്ടപ്പെടുത്തി. ശിശുകേന്ദ്രീകൃതവും പ്രവർത്താനിധിഷ്ഠിതവുമായ പാഠ്യപദ്ധതി ഫലപ്രദമായി നടപ്പിലാക്കാൻ അനുപാതം കുറയ്ക്കണമെന്ന കാര്യം ബോധപൂർവ്വം മറന്നു.

അനുപാതം കുറച്ച് തസ്തിക സൃഷ്ടിച്ച് അധ്യാപകരുടെ തൊഴിൽ സുരക്ഷ ഉറപ്പാക്കാൻ സർക്കാർ തയ്യാറാവണം. സർക്കാരിന്റെ വഞ്ചനക്കെതിരെ കേരളത്തിലെ അധ്യാപക സമൂഹം ശക്തമായ പ്രക്ഷോഭത്തിനൊരുങ്ങുകയാണ്. പ്രക്ഷോഭത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ ഡിസംബർ 12 ന് വഞ്ചനാദിനമായി ആചരിക്കുന്നു. അന്നേദിവസം ബാഡ്ജ് ധരിച്ച് അധ്യാപകർ വിദ്യാലയങ്ങളിൽ ഹാജരാവും വൈകുന്നേരം സബ്ജില്ലാകേന്ദ്രങ്ങളിൽ പ്രകടനവും പൊതുയോഗവും സംഘടിപ്പിക്കും. ഡിസംബർ 13 ന് തിരുവനന്തപുരത്തുള്ള ഡി.പി.ഐ ഓഫീസിലേക്കും എല്ലാജില്ലകളിലും ഡി.ഡി.ഇ ഓഫീസിലേക്കും അധ്യാപകർ മാർച്ച് നടത്തും.

പ്രക്ഷോഭം വൻവിജയമാക്കണമെന്ന് മുഴുവൻ അധ്യാപകരോടും അഭ്യർത്ഥിക്കുന്നു.

അഭിവാദനങ്ങളോടെ

**കെ എൻ സുകുമാരൻ**
പ്രസിഡന്റ്

**എം ഷാജഹാൻ**
ജനറൽ സെക്രട്ടറി

**കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ**